2026
FEBRUARY
23
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# സമുദ്ര മത്സ്യബന്ധന മേഖലയിൽ പുതിയ സാധ്യതകൾ തുറന്നു;

# മത്സ്യബന്ധനത്തിന് 'പ്രവേശന പാസ്' പദ്ധതി



**ന്യൂഡൽഹി:** മത്സ്യബന്ധന സഹകരണ സംഘങ്ങളെയും മത്സ്യ കർഷക ഉത്പാദക സംഘടനകളെയും ശാക്തീകരിക്കുന്നതിനും ഉയർന്ന മൂല്യമുള്ള മത്സ്യങ്ങളുടെ സുസ്ഥിര വിളവെടുപ്പ് പ്രോത്സാഹിപ്പിക്കുന്നതിനും സമുദ്രോത്പന്ന കയറ്റുമതി വർദ്ധിപ്പിക്കുന്നതിനുമായി റിയൽക്രാഫ്റ്റ് (ഓൺലൈനായി സൗജന്യ പ്രവേശന പാസുകൾ നൽകുന്നു. ഉയർന്ന മൂല്യമുള്ള സമുദ്ര വിഭവങ്ങളുടെ സുസ്ഥിര വിളവെടുപ്പിനായി ഇന്ത്യൻ മത്സ്യത്തൊഴിലാളികളെ ശാക്തീകരിക്കുന്നതിനുള്ള പ്രധാന ഉപാധിയാണ് പ്രത്യേക സാമ്പത്തിക മേഖല ചട്ടങ്ങൾക്ക് കീഴിലുള്ള പ്രവേശന പാസ്. തീര മത്സ്യബന്ധനത്തിൽ നിന്ന് ആഴക്കടൽ മത്സ്യബന്ധനത്തിലേക്കുള്ള പരിവർത്തനത്തെ പിന്തുണയ്ക്കുക,

മത്സ്യത്തൊഴിലാളി സംഘടനകളെ സഹകരണ സംഘങ്ങളിലേക്കും എഫ്എഫ്പിഒ കളിലേക്കും പരിവർത്തനപ്പെടുത്തുക. കാര്യക്ഷമമായ മത്സ്യബന്ധനം, മികച്ച വില, ട്രേസബിലിറ്റി, സർട്ടിഫിക്കേഷൻ തുടങ്ങിയ അധിഷ്ഠിത രീതികൾ അവലംബിച്ച് വരുമാനം വർദ്ധിപ്പിക്കുക എന്നിവയും ലക്ഷ്യമിടുന്നു. കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ് പ്രവേശന പാസ് ഉദ്ഘാടനം ചെയ്തു. ഇന്ത്യയിലെ എല്ലാ തീരദേശ സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമുള്ള 24 മത്സ്യബന്ധന സഹകരണ സംഘങ്ങളെ പ്രതിനിധീകരിക്കുന്ന 37 മത്സ്യത്തൊഴിലാളികൾക്ക് പ്രവേശന പാസുകൾ കേന്ദ്ര മന്ത്രി കൈമാറി. ചെറുകിട, പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സംരക്ഷണം, ആഗോള കയറ്റുമതിക്കായി ഏകജാലക സംവിധാനം എന്നിവയടക്കമുള്ളത് പ്രവേശന പാസിന്റെ പ്രത്യേകതകളാണ്. സമയബന്ധിതവും സുതാര്യവുമായ രീതിയിൽ റിയൽക്രാഫ്റ്റ് പോർട്ടൽ മുഖേന പ്രവേശന പാസ് സൗജന്യമായി നൽകുന്നു. പാസ് അംഗീകരിച്ചുകഴിഞ്ഞാൽ, മത്സ്യത്തൊഴിലാളിയുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലേക്കോ ഇമെയിലിലേക്കോ പാസ് ഡിജിറ്റലായി എത്തിക്കും.

വിശാലവും വൈവിധ്യപൂർണ്ണവുമായ സമുദ്രവിഭവ അടിത്തറയാണ് ഇന്ത്യയ്ക്കുള്ളത്. ഏകദേശം 11,099 കിലോമീറ്റർ വിസ്തൃതിയുള്ള തീരപ്രദേശവും ഏകദേശം 24 ലക്ഷം ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പ്രത്യേക സാമ്പത്തിക സമുദ്ര മേഖലയും ഇതിന് പിന്തുണ നൽകുന്നു. നിലവിൽ, മിക്ക ഇന്ത്യൻ മത്സ്യബന്ധന പ്രവർത്തനങ്ങളും തീരപ്രദേശത്ത് നിന്ന് 40 മുതൽ 50 നോട്ടിക്കൽ മൈലിലേക്ക് പരിമിതപ്പെടുത്തിയിരിക്കുന്നു. അതേസമയം 12 മുതൽ 200 നോട്ടിക്കൽ മൈൽ വരെ വ്യാപിച്ചുകിടക്കുന്ന വിശാലമായ പ്രത്യേക സാമ്പത്തിക മേഖല ഉപയോഗശൂന്യമായി തുടരുന്നു. ഉയർന്ന മൂല്യമുള്ള സമുദ്ര വിഭവങ്ങൾക്ക്, പ്രത്യേകിച്ച് ട്യൂണയ്ക്കും ട്യൂണ പോലുള്ള മാറ്റിനങ്ങൾക്കും ഗണ്യമായ സാധ്യതയുണ്ടെന്ന് ശാസ്ത്രീയ വിലയിരുത്തലുകൾ സൂചിപ്പിക്കുന്നു. പുതിയ സാധ്യതകൾ തിരിച്ചറിഞ്ഞുകൊണ്ട്, 2025-26 ലെ കേന്ദ്ര ബജറ്റിൽ, ആൻഡമാൻനിക്കോബാർ ദ്വീപു സമൂഹത്തിനും ലക്ഷദ്വീപിനും പ്രത്യേക ഊന്നൽ നൽകി കേന്ദ്രസർക്കാർ പ്രത്യേക സാമ്പത്തിക മേഖലയിലെയും സമുദ്രത്തിലെയും മത്സ്യബന്ധന വിഭവങ്ങളുടെ സുസ്ഥിര ഉപയോഗത്തിന് ചട്ടക്കൂട് പ്രഖ്യാപിച്ചു.

ഇന്ത്യയുടെ പ്രത്യേക സാമ്പത്തിക മേഖലയുടെ 49% ഈ മേഖലയിലാണ്. ഇവിടെ ഏകദേശം 2.48 ലക്ഷം ടൺ മത്സ്യബന്ധന സാധ്യതയുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലും പ്രത്യേക സാമ്പത്തിക മേഖല മത്സ്യബന്ധനത്തിന് നിയമപരവും സ്ഥാപനപരവുമായ ശക്തമായ ചട്ടക്കൂട് ലഭ്യമാക്കുന്നതിനുമായി, സമുദ്ര വിഭവങ്ങൾ സുസ്ഥിരമായി ഉപയോഗിക്കുന്നതിനുള്ള എക്സ്ക്ലൂസീവ് ഇക്കണോമിക് സോൺ ചട്ടങ്ങൾ കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്തു. മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധന വൈദഗ്ധ്യം, സുരക്ഷാ അവബോധം, കയറ്റുമതിഗ്രേഡ് കൈകാര്യം എന്നിവയിൽ സജ്ജരാക്കുന്നതിനായി സിഫ്നെറ്റ്, എഫ് എസ് ഐ എന്നിവയിലൂടെയും തീരദേശ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളുമായി സഹകരിച്ച് ഘടനാപരമായ പരിശീലന, ശേഷി വികസന പരിപാടികൾ നടപ്പിലാക്കാൻ ഫിഷറീസ് വകുപ്പ് പദ്ധതിയിടുന്നുണ്ട്. കൂടാതെ ചെറുകിട മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം സജീവമായി പ്രോത്സാഹിപ്പിക്കുന്നതിനും ആഴക്കടൽ മത്സ്യബന്ധനത്തിനു ശേഷമുള്ള പരിപാലനം, സംസ്കരണം, കയറ്റുമതി മൂല്യ ശൃംഖലകൾ എന്നിവയിൽ മത്സ്യബന്ധന സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനുമായി സഹകരണ മന്ത്രാലയവുമായി ചേർന്ന് ഫിഷറീസ് വകുപ്പ് ഒരു സംയുക്ത കർമ്മ സമിതിയും രൂപീകരിച്ചിട്ടുണ്ട്.

# ദേശീയ പാത ടോൾ പ്ലാസകളിലെ പണപ്പിരിവ് പൂർണ്ണമായും ഡിജിറ്റലിലേക്ക്

**ന്യൂഡൽഹി:** രാജ്യത്തെ ദേശീയ പാത ടോൾ പ്ലാസകൾ സമ്പൂർണ്ണ ഡിജിറ്റൽ സംവിധാനത്തിലേക്ക് നീങ്ങുന്നതിന്റെ ഭാഗമായി രാജ്യത്തുടനീളമുള്ള ദേശീയ പാത ടോൾ പ്ലാസുകളിലെ നേരിട്ടുള്ള പണപ്പിരിവ് 2026 ഏപ്രിൽ ഒന്നു മുതൽ പൂർണ്ണമായും നിർത്തലാക്കുന്നതിനെക്കുറിച്ച് ദേശീയ പാത അതോറിറ്റി ഓഫ് ഇന്ത്യ ആലോചിക്കുന്നു. ഇത് പ്രാബല്യത്തിൽ വന്നാൽ, ദേശീയ പാത ഫീസ് പ്ലാസകളിൽ ടോൾ പണമടയ്ക്കൽ മുഴുവനും ഫാസ് ടാഗ് അല്ലെങ്കിൽ യൂണിഫൈഡ് പേയ്മെന്റ്സ് ഇന്റർഫേസ് (യുപി ഐ) പോലുള്ള ഡിജിറ്റൽ മാർഗങ്ങളിലൂടെ മാത്രമായിരിക്കും നടത്തുക.

ഇലക്ട്രോണിക് ടോൾ ശേഖരണത്തിലൂടെ കൈവരിച്ച നേട്ടങ്ങളെ കൂടുതൽ ഉറപ്പിക്കുകയും ദേശീയ പാത ഫീസ് പ്ലാസകളുടെ പ്രവർത്തനക്ഷമതയും വിശ്വാസ്യതയും ശക്തിപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഈ നിർദ്ദേശത്തിന്റെ ലക്ഷ്യമെന്ന് റോഡ് ഗതാഗത, ഹൈവേ മന്ത്രാലയം വ്യക്തമാക്കുന്നു. ഈ മാറ്റം ദേശീയ പാത ഉപയോക്താക്കൾക്ക് 'യാത്രാസൗകര്യം' കൂടുതൽ മെച്ചപ്പെടുത്താൻ സഹായകരമാകും. ലൈൻ വാഹന നീക്കം വർധിപ്പിക്കുക, ടോൾ പ്ലാസകളിലെ ഗതാഗതക്കുരുക്ക് കുറയ്ക്കുക, ടോൾ ഇടപാടുകളിൽ കൂടുതൽ സ്ഥിരതയും സുതാര്യതയും ഉറപ്പാക്കുക എന്നിവയും ഇതിലൂടെ സാധ്യമാകും. കഴിഞ്ഞ കുറച്ച് വർഷങ്ങളിലായി ഫാസ് ടാഗ് സംവിധാനം 98 ശതമാനത്തിലധികം പ്രാവർത്തികമായത് രാജ്യത്തെ ടോൾ പിരിവ് രീതികളെ ഗണ്യമായി മാറ്റിമറിച്ചു. നിലവിൽ, ഭൂരിഭാഗം ടോൾ ഇടപാടുകളും വാഹനങ്ങളിൽ ഘടിപ്പിച്ചിരിക്കുന്ന ആർഎഫ് ഐഡി സജ്ജീകരണമുള്ള ഫാസ് ടാഗ് മുഖേന ഇലക്ട്രോണിക് രീതിയിലാണ് പ്രോസസ്സ് ചെയ്യുന്നത്. ഇതുവഴി ടോൾ പ്ലാസുകളിൽ തടസ്സരഹിതവും സമ്പർക്കരഹിതവുമായ ഗതാഗതം സാധ്യമാക്കി.

ഇതിനൊപ്പം, ദേശീയ പാത ടോൾ പ്ലാസുകളിൽ യുപി ഐ പേയ്മെന്റ് സൗകര്യവും നിലവിൽ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഇതിലൂടെ രാജ്യത്തുടനീളമുള്ള ദേശീയ പാത യാത്രക്കാർക്ക് വേഗത്തിലുള്ളതും സുലഭവുമായ ഡിജിറ്റൽ പണമടയ്ക്കൽ മാർഗങ്ങൾ ഉറപ്പാക്കുന്നു. നാഷണൽ ഹൈവേ ഫീസ് നിയമങ്ങൾ അനുസരിച്ച്, സാധുതയുള്ളതും പ്രവർത്തനക്ഷമവുമായ ഫാസ്റ്റ് ടാഗ് ഇല്ലാതെ ഫീ പ്ലാസയിൽ പ്രവേശിക്കുന്ന വാഹനങ്ങൾക്ക് പണമായി ഫീസ് അടയ്ക്കുകയാണെങ്കിൽ ബാധകമായ ഉപയോക്തൃ ഫീസിന്റെ ഇരട്ടി ഈടാക്കും. അതേസമയം യുപു ഐ വഴി പണമടയ്ക്കാൻ തിരഞ്ഞെടുക്കുന്ന നാഷണൽ ഹൈവേ ഉപയോക്താക്കളിൽ നിന്ന് ഉപയോക്തൃ ഫീസിന്റെ 1.25 മടങ്ങ് മാത്രമേ ഈടാക്കൂ. പണമിടപാടുകളെ ആശ്രയിക്കുന്നത് കുറയ്ക്കുക, ടോളിംഗ് ചട്ടക്കൂട് ഡിജിറ്റൈസ് ചെയ്യുക എന്നീ ലക്ഷ്യങ്ങൾ ഈ സംരംഭം ഉറപ്പാക്കുന്നു. പ്ലാസ അടിസ്ഥാനമാക്കിയുള്ള വിലയിരുത്തലുകൾ പ്രകാരം, പണം നൽകിയുള്ള ടോൾ പണമടയ്ക്കൽ രീതികൾ ഗതാഗതക്കുരുക്ക് വർധിപ്പിക്കുകയും, തിരക്കേറിയ സമയങ്ങളിൽ കാത്തിരിപ്പ് സമയം കൂടുകയും, ഇടപാട് സംബന്ധമായ തർക്കങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ട്.

# 'ടോക്ക് വിത്ത് മേയർ' ഉദ്ഘാടനം 23 ന്

**കൊച്ചി :** മേയറുടെ 50 ദിന കർമ്മപദ്ധതിയുടെ ഭാഗമായി 'ടോക്ക് വിത്ത് മേയർ' , 'അദാലത്ത്' എന്നീ ജനകീയ പദ്ധതികളുടെ ഉദ്ഘാടനം ഫെബ്രുവരി 23 ന് രാവിലെ 10.30 ന് എറണാകുളം ടൗൺഹാളിൽ വെച്ച് നടത്തും. ഫെബ്രുവരി 21 വരെ ലഭിച്ച അപേക്ഷകൾ ആയിരിക്കും ഫയൽ അദാലത്തിൽ പരിഗണിക്കുകയെന്ന് കൊച്ചി മേയർ അഡ്വ. വി. കെ മിനിമോൾ അറിയിച്ചു. അദാലത്ത് അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കി അദാലത്ത് നടത്തുന്ന സ്ഥലത്ത് വെച്ച് പൊതുജനങ്ങൾക്ക് മറുപടി നൽകുവാൻ ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട നഗരസഭ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടെന്നും മേയർ അറിയിച്ചു.

ഫയൽ അദാലത്തിൽ മേയറോടൊപ്പം ഡെപ്യൂട്ടി മേയർ ദീപക് ജോയ്, നഗരസഭ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ, കൗൺസിലർമാർ, സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, വകുപ്പ് മേധാവികൾ, അദാലത്ത് ഫയലുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കുമെന്നും മേയർ അറിയിച്ചു.

# ഇന്നത്തെ പരിപാടി

## കൊച്ചി

- **എറണാകുളം ലെ മെറിഡിയൻ :** ഇന്റർനാഷനൽ സ്പൈസ് കോൺഫറൻസ് – വൈകുന്നേരം 5ന്

## ആലുവ

- **ആലുവ രാജഗിരി ആശുപത്രി :** സൗജന്യ സ്കോളിയോസിസ് നിർണയ ക്യാമ്പ് – രാവിലെ 10ന്.

## കളമശേരി

- **ചാക്കോളാസ് പവലിയൻ :** കേരള അഗ്രോ ഫുഡ് പ്രോ 2026 – രാവിലെ 10ന്.
- **തേവയ്ക്കൽ ആനക്കുഴിക്കാട് ശ്രീ ഭദ്രകാളിക്ഷേത്രം :** താലപ്പൊലി ഉത്സവം – രാവിലെ 6ന്.

## വടുതല

- **വടുതല ശ്രീമൽ ഗണപതി ദേവസ്ഥാനം** : മഹോത്സവം രാവിലെ 9 മുതൽ.

## കോലഞ്ചേരി

- **കക്കാട് വായനശാല :** നികുതിപിരിവ് ക്യാമ്പ് – രാവിലെ 10ന്.
- **പുത്തൻകാവ് ഭഗവതി ക്ഷേത്രം :** കുംഭഭരണി മഹോത്സവം– ഇറക്കി എഴുന്നള്ളിപ്പ് – പുലർച്ചെ 6ന്.

## പെരുമ്പാവൂർ

- **കിഴില്ലം പെരുംതൃക്കോവിൽ മഹാദേവ ക്ഷേത്രം :** തിരുവുത്സവം–വൈകിട്ട് 4ന്.

## പള്ളുരുത്തി

- **പള്ളുരുത്തി ശ്രീ ഭവാനീശ്വര മഹാക്ഷേത്രം :** മഹോത്സവം – തിരുവാതിര, വയലിൻ ഫ്യൂഷൻ, മെഗാ മാജിക് ഷോ – വൈകിട്ട് 5ന്.

# വ്യാപാരികളെ മർദ്ദിച്ച സംഭവം:
## നടപടിയില്ലെങ്കിൽ പ്രക്ഷോഭമെന്ന് കെ.വി.വി.ഇ.എസ് യൂത്ത് വിംഗ്

**കൊച്ചി:** അനധികൃതമായി വാഹനങ്ങളിൽ കച്ചവടം നടത്തിയതിനെ ചോദ്യം ചെയ്ത വ്യാപാരികളെ മർദ്ദിച്ച സംഭവത്തിൽ കുറ്റക്കാർക്കെതിരെ കർശന നടപടിയുണ്ടാകണമെന്നും ഇത്തരം പ്രവണത ഇനിയും തുടർന്നാൽ ഇതിനെതിരെ ശക്തമായ പ്രക്ഷോഭവുമായി രംഗത്ത് വരുമെന്നും കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് സംസ്ഥാന വർക്കിംഗ് പ്രസിഡന്റും ജില്ലാ പ്രസിഡന്റുമായ പ്രദീപ് ജോസ് പറഞ്ഞു. കൽപ്പറ്റയിൽ വ്യാപാര സ്ഥാപനങ്ങളുടെ മുന്നിൽ വാഹനങ്ങളിൽ കച്ചവടം നടത്തിയതിനെ ചോദ്യം ചെയ്ത കൽപ്പറ്റ വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ വൈസ് പ്രസിഡന്റ് ഇ. ഹൈദ്രു, യൂത്ത് വിംഗ് ജില്ലാ വൈസ് പ്രസിഡന്റ് സി. എച്ച് ഷൈജൽ, കൽപ്പറ്റ യൂണിറ്റ് എക്സിക്യൂട്ടീവ് അംഗം ബാവ എന്നിവരെ മർദ്ദിച്ചത് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. എറണാകുളം കത്രിക്കടവിലും അടുത്തിടെ സമാന രീതിയിലുള്ള സംഭവം ഉണ്ടായിരുന്നു.
അനധികൃതമായ വഴിയോരങ്ങളിലും വാഹനങ്ങളിലും നടത്തുന്ന കച്ചവടം അവസാനിപ്പിക്കാൻ ഇനിയും അധികൃതർ തയ്യാറായില്ലെങ്കിൽ കേരളം ഇന്നേവരേ കിട്ടില്ലാത്ത വിധത്തിലുള്ള പ്രക്ഷോഭത്തിലേക്ക് വ്യാപാരികൾ നീങ്ങുമെന്നും പ്രദീപ് ജോസ്. യൂത്ത് വിംഗ് സംസ്ഥാന സെക്രട്ടറി കെ.സി.മുരളീധരൻ, ജില്ലാ ജനറൽ സെക്രട്ടറി വിനോദ് ബേബി, ട്രഷറർ അജ്മൽ കാമ്പായി, ജില്ലാ വൈസ് പ്രസിഡന്റുമാരായ ശ്രീനാഥ് മംഗലത്ത്, ജംഷീർ വാഴയിൽ എന്നിവർ പറഞ്ഞു

# നിയമവും സേവനവും ഒരുമിച്ച് നടക്കുമ്പോൾ ജനാധിപത്യം സമൃദ്ധയിലേക്ക് ഉയരും




**കൊച്ചി:** നിയമവും സേവനവും ഒരുമിച്ച് നടക്കുമ്പോൾ ജനാധിപത്യം നിലനിൽക്കുന്നതു മാത്രമല്ല, അത് വളരുകയും സമൃദ്ധിയിലേക്ക് ഉയരുകയും ചെയ്യുമെന്ന് കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ഡോ. എ കെ ജയശങ്കരൻ നമ്പ്യാർ പറഞ്ഞു. റോട്ടറി ഇന്റർനാഷണൽ 3205 ഡിസ്ട്രിക്ട് കോൺഫറൻസ് ' റിനൈസൻസ് ' ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സ്ഥാനത്തിലും അവസരത്തിലും സമത്വവും സഹോദര്യവും വ്യക്തിയുടെ മാനവും രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പാക്കലുമാണ് നമ്മുടെ ഭരണഘടനയുടെ ആമുഖത്തിൽ സംക്ഷിപ്തമായി ഉൾക്കൊള്ളുന്ന നാലു മഹത്തായ അടിസ്ഥാന തത്വങ്ങൾ. ഇവ സാക്ഷാത്കരിക്കണമെങ്കിൽ ഓരോ ഇന്ത്യക്കാരന്റെയും ഹൃദയത്തിൽ കൊത്തിവെക്കുകയും മനസ്സിൽ ഇത് ആഴത്തിൽ പതിയണമെന്നും അദ്ദേഹം വ്യക്തമാക്കി. റോട്ടറി സിസ്ട്രിക്ട് 3205 ഗവർണർ ഡോ. ജി എൻ രമേഷ് അധ്യക്ഷത വഹിച്ചു. പത്മവിഭൂഷൺ ഡോ. ഡി നാഗേശ്വർ റെഡ്ഡി മുഖ്യാതിഥിയായിരുന്നു. ചലച്ചിത്ര പിന്നണി ഗായിക സേബ ടോമി, ഐഡിയ സ്റ്റാർ സിംഗർ ഫെയിം നന്ദ ജെ ദേവൻ എന്നിവർക്ക് യൂത്ത് ഐക്കൺ പുരസ്കാരം സമ്മാനിച്ചു. റോട്ടറി ക്ലബ്ബ് പാർപ്പിടം പദ്ധതിയിൽ നിർമ്മിച്ച് നൽകുന്ന വീടിന്റെ താക്കോൽ ചടങ്ങിൽ കൈമാറി. ആയിരം ഭവനങ്ങൾ നിർമിച്ചു നൽകിയ കൊടുങ്ങല്ലൂർ ക്ലബ്ബിലെ ഫാ. ഫ്രാൻസിസ് താനിയത്തിനെ ചടങ്ങിൽ ആദരിച്ചു. വിജയകുമാർ ടി ആർ, ആർ മാധവ് ചന്ദ്രൻ, കൊച്ചി സിറ്റി എ സി പി അശ്വതി ജിജി, അജേഷ് കെ ജോയ്, ജിഗീഷ് നാരായണൻ, ബാഡ്മിന്റൺ ദേശീയ ചാംപ്യൻ ആരതി സാറ സുനിൽ, ഡോ. വി.പി കുര്യൈയ്പ്പ്, അഡ്വ. എസ്. എ. എസ് നവാസ്, ആസ്റ്റർ മെഡിസിറ്റി എന്നിവർക്ക് വിവിധ പുരസ്ക്കാരങ്ങൾ നൽകി ആദരിച്ചു. റോട്ടറി ഇന്റർനാഷണൽ പ്രസിഡന്റിന്റെ പ്രതിനിധി ഡോ. ദീപക് പുരോഹിത്, കോൺഫറൻസ് ചെയർമാൻ ടി. എസ് ജയരാജ് , ഡോ. കെ. അജയകുമാർ, ബി. ബാലഗോപാൽ, ഡിസ്ട്രിക്ട് ജനറൽ സെക്രട്ടറി പി. ആർ തേജസ് എന്നിവർ പ്രസംഗിച്ചു.

# സായംപ്രഭ ഹോമിലേക്ക് കരാർ നിയമനം; അഭിമുഖം 27ന്

**കൊച്ചി:** സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ മുതിർന്ന പൗരന്മാർക്കായി നടപ്പിലാക്കുന്ന 'മാതൃകാ സായം പ്രഭ ഹോം' പദ്ധതിയുടെ ഭാഗമായി കുന്നുകര സായംപ്രഭ ഹോമിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. കുക്ക്/അറ്റൻഡന്റ് (കാഷ്വൽ സ്റ്റാഫ്), ഫിസിയോ തെറാപ്പിസ്റ്റ് എന്നീ തസ്തികകളിലേക്കാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷയും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പും സഹിതം ഫെബ്രുവരി 27 രാവിലെ 11 ന് കാക്കനാട് സിവിൽ സ്റ്റേഷനിലുള്ള ജില്ലാ സാമൂഹ്യനീതി ഓഫീസിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കണം.

# പട്ടികജാതിവർഗ്ഗ വിഭാഗക്കാർക്ക് സൗജന്യ കമ്പ്യൂട്ടർ പരിശീലനം

**കൊച്ചി:** പട്ടികജാതി വികസന വകുപ്പിന് കീഴിൽ ആലുവ സബ് ജയിൽ റോഡിൽ പ്രവർത്തിക്കുന്ന ഗവ. പ്രീഎക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ സൗജന്യ കമ്പ്യൂട്ടർ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ ജില്ലകളിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് അവസരം. മൂന്നുമാസ കാലയളവിൽ ഡാറ്റാ എൻട്രി, ഡി.ടി.പി എന്നീ കോഴ്സുകളിലേക്കാണ് പരിശീലനം നൽകുന്നത്. പത്താം ക്ലാസാണ് അടിസ്ഥാന യോഗ്യത. ഡി.ടി.പി കോഴ്സിന് അപേക്ഷിക്കുന്നവർക്ക് ഡാറ്റാ എൻട്രിയോ അല്ലെങ്കിൽ ഇംഗ്ലീഷ് ടൈപ്പ് റൈറ്റിംഗ് ലോവറോ തത്തുല്യ യോഗ്യതയോ ഉായിരിക്കണം. പരിശീലനത്തിന് തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് നിയമാനുസൃതമായ സ്റ്റൈപ്പന്റും ലഭിക്കുന്നതാണ്. പ്രായപരിധി 18നും 25നും മധ്യേ. താൽപ്പര്യമുള്ളവർ ഫോട്ടോ, ജാതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ഫെബ്രുവരി 28ന് വൈകിട്ട് 4:30ന് മുമ്പ് ആലുവയിലെ ഓഫീസിൽ അപേക്ഷ സമർപ്പിക്കേതാണ്. അപേക്ഷാ ഫോമിന്റെ മാതൃക ബന്ധപ്പെട്ട ജില്ലാ/ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിലും, ആലുവ സെന്ററിലും ലഭ്യമാണ്.

# കോളജ് വിദ്യാർഥികൾക്ക് പ്രസംഗ മത്സരം

**കൊച്ചി:** കൗൺസിൽ ഫോർ കമ്യൂണിറ്റി കോ-ഓപറേഷന്റെ നേതൃത്വത്തിൽ കോളജ്, സർവകലാശാല വിദ്യാർഥികൾക്കായി സംസ്ഥാനതല പ്രസംഗ മത്സരം സംഘടിപ്പിക്കുന്നു. മാർച്ച് ഒന്നിന് രാവിലെ 10 മണിക്കാണ് മത്സരം. വൈവിധ്യങ്ങളിലെ ഐക്യം യുവജനങ്ങളുടെ പങ്ക് എന്ന വിഷയത്തിലാണ് പ്രസംഗ മത്സരം.

മരട് ഹോട്ടൽ ലെ മെറിഡിയൻ, കൺവെൻഷൻ സെന്ററിൽ വെച്ച് നടക്കുന്ന പ്രസംഗ മത്സരം എറണാകുളം, തിരുവനന്തപുരം, മലബാർ മേഖലകളാക്കി തിരിച്ചാണ് നടക്കുന്നത്. എറണാകുളം മേഖലാ മത്സരം രാവിലെ 10 മണിക്കും തിരുവനന്തപുരം, മലബാർ മേഖലകളുടേത് രാവിലെ 11 മണിക്കും ആരംഭിക്കും.

അന്തിമ റൗണ്ടിൽ എത്തുന്നവർക്ക് ഫൈനലിൽ മത്സരിക്കാൻ യോഗ്യതയുാകും. ഒരു കോളജിൽ നിന്നും രണ്ടു വിദ്യാർഥികൾക്ക് പങ്കെടുക്കാവുന്നതാണ്. ആൺ പെൺ വ്യത്യാസം മത്സരത്തിനുണ്ടാവില്ല. അഞ്ച് മിനിട്ടാണ് സമയം. പങ്കെടുക്കുന്നവർ കോളജ്, സർവ്വകലാശാല എന്നിവിടങ്ങളിൽ നിന്ന് ലഭ്യമായ ഐ ഡി കാർഡും കോളജ് അധികാരിയുടെ സാക്ഷ്യപത്രവും ഹാജരാക്കണം. മത്സരാർഥികൾക്കൊപ്പം കോളജ് പ്രതിനിധിയായി അധ്യാപകരിലൊരാൾ ഒപ്പമുണ്ടാകുന്നതും നന്നാവും.

മത്സരത്തിൽ പങ്കെടുക്കുന്നവർ പ്രത്യേക അപേക്ഷാ ഫോറം പൂരിപ്പിച്ച് ഓൺലൈൻ, വാട്സ്ആപ്, ഇമെയിൽ മുഖേന ഫെബ്രുവരി 25 ന് മുമ്പ് സമർപ്പിക്കണം.

കൂടുതൽ വിവരങ്ങൾക്ക് 9995349533, 9544527241, 9447053940 എന്നീ നമ്പറുകളിലോ ccharmony2023@gmail.com എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്. വിജയികൾക്ക് ഒന്നും രണ്ടും മൂന്നും സമ്മാനമായി ക്രമത്തിൽ 20000, 15000, 10000 രൂപ വീതം ക്യാഷ് അവാർഡും ഫൈനൽ റൗണ്ടിൽ എത്തുന്നവർക്ക് ആയിരം രൂപ വീതം പ്രോത്സാഹന സമ്മാനവും പങ്കെടുക്കുന്ന എല്ലാവർക്കും സർട്ടിഫിക്കറ്റും 300 രൂപ യാത്രാ ചെലവും നൽകുന്നതാണെന്ന് പ്രസിഡന്റ് ഡോ. പി. മുഹമ്മദാലി, ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ (വേണു), ട്രഷറർ ഫാ. ഡോ. ആന്റണി വടക്കേക്കര വി സി എന്നിവർ അറിയിച്ചു.

# ബ്യൂട്ടീഷ്യൻമാർക്ക് സൗജന്യ പരിശീലനം

**കൊച്ചി:** എറണാകുളം മിലാനോവ ബ്യൂട്ടി അക്കാദമിയുമായി ചേർന്ന് ജില്ലാ വ്യവസായ കേന്ദ്രം ബ്യൂട്ടീഷ്യൻമാർക്കായി സൗജന്യ ഏകദിന പ്രായോഗിക പരിശീലനം സംഘടിപ്പിക്കുന്നു. ഫെബ്രുവരി 26ന് രാവിലെ 10ന് പത്തടിപ്പാലം പി.ഡബ്ല്യു.ഡി റെസ്റ്റ് ഹൗസിലാണ് പരിശീലനം നടക്കുക. താൽപ്പര്യമുള്ളവർ താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യേതാണ്. ഫോൺ: 8848605712 (മുളന്തുരുത്തി), 9188770590 (ഇടപ്പള്ളി), 9495635919 (കളമശ്ശേരി), 9946924636 (തൃപ്പൂണിത്തുറ), 9400666903 (കൊച്ചിൻ കോർപ്പറേഷൻ).

# അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു; ജില്ലയിൽ ആകെ 24.69 ലക്ഷം വോട്ടർമാർ

**കൊച്ചി:** ജില്ലയിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണ നടപടികൾ പൂർത്തിയാക്കി അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. ജില്ലയിലെ 14 നിയമസഭാ മണ്ഡലങ്ങളിലാ യി ആകെ 24,69,794 വോട്ടർമാരാണ് പട്ടികയി ലുള്ളത്. അന്തിമ പട്ടിക പ്രകാരം ജില്ലയിൽ പുരുഷ വോട്ടർമാരേക്കാൾ കൂടുതൽ സ്ത്രീ വോട്ടർമാരാണ് ഉള്ളത്. ജില്ലയിലാകെ 12,66,891 സ്ത്രീ വോട്ടർമാരും 12,02,881 പുരുഷ വോട്ടർമാരുമാണുള്ളത്. 22 ട്രാൻസ്ജെൻഡർ വോട്ടർമാരും പട്ടികയിൽ ഉൾപ്പെടുന്നു. മണ്ഡലം തിരിച്ചുള്ള കണക്കുകൾ പ്രകാരം ഏറ്റവും കൂടുതൽ വോട്ടർമാരുള്ളത് കള മശ്ശേരിയിലാണ്. 1,95,291 പേരാണ് ഇവിടെ വോട്ടർമാരായുള്ളത്. പിറവം മണ്ഡലത്തിൽ 1,93,075 വോട്ടർമാരും ആലുവയിൽ 1,92,212 പേരും, പറവൂർ 1,89,626, കുന്നത്തുനാട് 1,85,970, തൃപ്പൂണിത്തുറ 1,84,625, മൂവാറ്റുപുഴ 1,83,772, പെരുമ്പാവൂർ 1,78,238 വോട്ടർമാരും ഉൾപ്പെടുന്നു. തൃക്കാക്കര മണ്ഡലത്തിൽ 1,73,135, കോതമംഗലം 1,70,341, അങ്കമാലി 1,67,727, കൊച്ചി 1,62,401, വൈപ്പിൻ 1,59,497, എറണാകുളം 1,33,884 വോട്ടർമാരുമാണ് ഉൾപ്പെട്ടിരിക്കുന്നത്. തീവ്ര വോട്ടർ പട്ടിക പ രിഷ്കരണ നടപടികൾ ആരംഭിക്കുന്നതിന് മുമ്പ് ജില്ലയിൽ ആകെ 26,53,065 വോട്ടർമാരാ ണ് ഉണ്ടായിരുന്നത്. തുടർന്ന് 2025 ഡിസം ബർ 23ന് പ്രസിദ്ധീകരിച്ച കരട് പട്ടികയിൽ 23,30,643 വോട്ടർമാരാണ് ഉൾപ്പെട്ടിരിക്കുന്നത്. കരട് പട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷം ലഭിച്ച അവകാശവാദങ്ങളും പരാതികളും പരിഗണിച്ചാണ് ഇപ്പോൾ അന്തിമ പട്ടിക തയ്യാറാക്കിയിരിക്കുന്നത്.

2002ലെ ലിസ്റ്റിലെ സാങ്കേതിക പിഴവു കൾ മൂലം ഒഴിവാക്കപ്പെട്ടവർ ( ലോജിക്കൽ ഡിസ്ക്രിപൻസി), കണ്ടെത്താൻ കഴിയാത്ത വോട്ടർമാർ എന്നിങ്ങനെ ആകെ 4,06,389 പ രാതികളാണ് പരിശോധനക്ക് വിധേയമാക്കി യത്. ഈ ലിസ്റ്റ് പ്രകാരം ഹിയറിംഗ് ന ടത്തിയ ശേഷം ലോജിക്കൽ പിഴവുകൾ പരി ഹരിച്ചും മരണപ്പെട്ടവരെയും താമസം മാറി യവരെയും ഒഴിവാക്കിയും നടത്തിയ പ്ര വർത്തനങ്ങളിലൂടെ 2,996 പേരെ അന്തി മ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വോട്ടർ പട്ടികയുടെ പകർപ്പ് വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികൾക്ക് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കളക്ടർ ജി പ്രി യങ്ക കൈമാറി.

## വോട്ടർപട്ടികയിൽ ക്രമക്കേട് കാട്ടിയാൽ കർശന നടപടി: ജില്ലാ കളക്ടർ

**കൊച്ചി:** വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതുമായി ബ ന്ധപ്പെട്ട് തെറ്റായ വിവരങ്ങൾ നൽകുന്നവർക്കും മനഃ പൂർവം ഇരട്ട വോട്ട് നിലനിർത്തുന്നവർക്കും എതിരെ കർശന നിയമനടപടി സ്വീകരിക്കുമെന്ന് ജില്ലാ കളക്ടർ ജി. പ്രിയങ്ക. അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുന്നതി നോടനുബന്ധിച്ച് രാഷ്ട്രീയ പാർട്ടി പ്രതിനിധികളു മായി നടത്തിയ യോഗത്തിലാണ് കളക്ടർ ഇക്കാര്യം വ്യക്തമാക്കിയത്.

ഒരേ വ്യക്തിയുടെ പേരും ഫോട്ടോയും ഒന്നിലധികം സ്ഥലങ്ങളിൽ വരുന്നത് കണ്ടെത്താൻ 'ഡെമോഗ്രാ ഫിക്കലി സിമിലർ എൻട്രീസ് (ഡി എസ് ഇ) എന്ന സംവിധാനം ഉപയോഗിക്കുന്നുണ്ട്. പേര്, പിതാവിന്റെ പേര്, ഫോട്ടോ എന്നിവ സമാനമായി വരുന്ന കേസുകൾ ഉദ്യോഗസ്ഥർ പ്രത്യേകം പരിശോധിക്കും. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ വോട്ടർപട്ടിക ആധാറുമായി ബ ന്ധിപ്പിക്കുന്ന നടപടികളും പുരോഗമിക്കുകയാണ്. യുവ വോട്ടർമാരെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ന ടത്തിയ 'സ്വീപ്' ആക്ടിവിറ്റികൾ വൻ വിജയമാണ്. സെന്റ് തെരേസാസ്, കെ.എം.എം തുടങ്ങി ജില്ലയിലെ വിവിധ കോളേജുകളിൽ പ്രത്യേക ക്യാമ്പുകൾ നടത്തി 18 വയസ്സ് തികഞ്ഞ പരമാവധി വിദ്യാർത്ഥികളെ വോട്ടർപട്ടികയിൽ ചേർത്തിട്ടുണ്ട്.

വോട്ടർപട്ടിക കുറ്റമറ്റതാക്കാൻ രാഷ്ട്രീയ പാർട്ടികളുടെ സഹകരണം വേണം. വോട്ടർമാരെ സ്വാധീനിക്കുന്ന തരത്തിലുള്ള അനാവശ്യ ഫോൺ വിളികൾ ഔദ്യോ ഗിക സംവിധാനങ്ങളുടെ ഭാഗമായി ഉണ്ടാകില്ലെന്നും കള ക്ടർ പറഞ്ഞു. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ (ഇ.ആർ.ഒ), ഡെപ്യൂട്ടി കളക്ടർമാർ, ഇലക്ഷൻ വിഭാഗം ഉദ്യോഗസ്ഥർ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## നികുതി അടയ്ക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

**കൊച്ചി:** കൊച്ചി കോർപ്പറേഷനിലെ കെട്ടിട, തൊഴിൽ നികുതികൾ ഓൺലൈനായി അടയ്ക്കുന്നതിന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പച്ചാളം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കർഷക റോഡ് ബിൽഡിംഗിലെ വ്യാപാര ഭവനിൽ ക്യാമ്പ് സംഘടിപ്പിച്ചു. കൗൺസിലർ ഹെന്റി ഓസ്റ്റിൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി സി.വി രാജു, വർക്കിംഗ് പ്രസിഡന്റ് സുരേഷ് ഗോപി, ട്രഷ റർ ടിജോ തോമസ്, യൂണിറ്റ് പ്രസിഡന്റും ജില്ലാ പ്രസിഡന്റുമായ പി. സി ജേക്കബ്ബ്, ജില്ലാ വൈസ് പ്രസിഡന്റ് എം സി പോൾസൺ, വനിതാ വിംഗ് ജില്ലാ പ്രസിഡന്റ് ജയാ പീറ്റർ എന്നിവർ പ്രസംഗിച്ചു.




*കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പച്ചാളം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തിയ കൊച്ചി കോർപ്പറേഷൻ നികുതി അടയ്ക്കൽ ക്യാമ്പ് കൗൺസിലർ ഹെന്റി ഓസ്റ്റിൻ ഉദ്ഘാടനം ചെയ്യുന്നു. ജനറൽ സെക്രട്ടറി സി.വി രാജു, വർക്കിംഗ് പ്രസിഡന്റ് സുരേഷ് ഗോപി, ട്രഷറർ ടിജോ തോമസ്, യൂണിറ്റ് പ്രസിഡന്റും ജില്ലാ പ്ര സിഡന്റുമായ പി.സി ജേക്കബ്ബ്, ജില്ലാ വൈസ് പ്രസിഡന്റ് എം സി പോൾസൺ, വനിതാ വിംഗ് ജില്ലാ പ്രസിഡന്റ് ജയാ പീറ്റർ എന്നി വർ സമീപം.*

## റോഡിലെ കുഴികൾ; കർശന നടപടിയുമായി മനുഷ്യാവകാശ കമ്മീഷൻ

**കൊച്ചി :** ചെമ്പുമുക്ക് സിവിൽ ലൈൻഅട്ടിപ്പേറ്റി നഗർ റോ ഡിലും എസ്. എ. റോഡിൽ കടവന്ത്ര മെട്രോ സ്റ്റേഷന് സമീപവുമുള്ള കുഴികൾ മൂടാതെ അപകടം ക്ഷണിച്ചു വരുത്തുന്ന അധികൃതരുടെ സമീപനത്തിനെതിരെ കർശന നടപടിയുമായി മനുഷ്യാവകാശ കമ്മീഷൻ ചെ യർപേഴ്സൺ ജസ്റ്റിസ് അലക്സാർ തോമസ്. ചെമ്പുമുക്ക് സിവിൽ ലൈനിലെ കുഴി അടിയന്തരമായി മൂടണമെന്ന് കമ്മീഷൻ തൃക്കാക്കര മുൻസിപ്പാലിറ്റി സെക്രട്ടറിക്ക് നിർ ദ്ദേശം നൽകി. സ്ഥലത്ത് മുന്നറിയിപ്പ് ബോർഡും റിഫ്ലക്റ്ററും സ്ഥാപിക്കണം. നടപടിയെടുത്തശേഷം മുൻസിപ്പൽ സെക്രട്ടറി കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കണം. കടവന്ത്ര മെട്രോ സ്റ്റേഷന് സമീപമുള്ള കുഴി മൂടുന്നതി ന് കൊച്ചി കോർപ്പറേഷൻ സെക്രട്ടറി അടിയന്തരമായി നടപടിയെടുക്കണമെന്ന് ജസ്റ്റിസ് അലക്സാണ്ടർ തോമസ് ആവശ്യപ്പെട്ടു.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്ഥലം സന്ദർശിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു. സ്ഥലത്ത് അപകടം ഒഴിവാക്കാൻ കൈവരികൾ സ്ഥാപിക്കണം. മുന്നറിയിപ്പ് ബോർഡ് ആവശ്യമെങ്കിൽ സ്ഥാപിക്കണം. എഞ്ചിനീയർ നടത്തുന്ന സ്ഥലപരിശോധന റിപ്പോർട്ട് ഉൾപ്പെടുത്തി കൊച്ചി കോർപ്പറേഷൻ സെക്രട്ടറി ഒരാ ഴ്ചക്കകം റിപ്പോർട്ട് സമർപ്പിക്കണമെന്നും കമ്മീഷൻ നിർ ദ്ദേശിച്ചു. കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയെ പ്ര തിനിധീകരിച്ച് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മാർച്ച് 3 ന് പത്തടിപ്പാലം റസ്റ്റ് ഹൗസിൽ നടക്കുന്ന സിറ്റിം ഗിൽ ഹാജരാകണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു. ഇതേ സിറ്റിംഗിൽ തൃക്കാക്കര മുൻസിപ്പാലിറ്റി സെക്രട്ടറിയും ഹാജരാകണം. ചെമ്പുമുക്ക് സിവിൽ ലൈൻഅട്ടിപ്പേറ്റി ന ഗർ റോഡിൽ ഇടപ്പള്ളി തോടിനും സെന്റ് മൈക്കിൾസ് പള്ളിയുടെ പാരിഷ് ഹാളിനുമിടയിലാണ് കാനയുടെ മേൽമൂടി ഇളക്കി മാറ്റിയിരിക്കുന്നത്.

നാട്ടുകാർക്കും സമീപത്തെ സ്കൂളിലെ കുട്ടികൾക്കും ഇവ ഭീഷണിയായി മാറുന്നു. കുഴിയിൽ ഒരു കമ്പ് നാട്ടി ഒരു പ്ലാസ്റ്റിക് കവർ കെട്ടിവച്ചിരിക്കുകയാണ്. രാത്രി കാലങ്ങളിൽ ഇരുചക്രവാഹനങ്ങൾ കുഴിയിൽ പെട്ടാൽ അപകടം സംഭവിക്കും. കടവന്ത്രയിൽ നിന്നും മനോരമ ജംഗ്ഷനിലേക്ക് വരുമ്പോൾ പാലത്തിൽ നിന്ന് അപ്രോ ച്ച് റോഡിലേക്ക് കടന്നാലുടൻ ഇടതുഭാഗത്ത് വൻകുഴി കാണാം. അപ്രോച്ച് റോഡിന്റെ കൈവരികൾ ദ്രവിച്ച് ഇളകിയ അവസ്ഥയിലാണുള്ളത്.

## സ്കോൾ കേരള: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ് കോൾകേരളയുടെ എറണാകുളം ജില്ലാ കേന്ദ്രം 'ഡിപ്ലോമ ഇൻ ചൈൽ ഡ് കെയർ ആൻഡ് പ്രീസ്കൂൾ മാനേജ്മെന്റ്' കോഴ്സിന്റെ രണ്ടാം ബാ ച്ച് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി അല്ലെ ങ്കിൽ തത്തുല്യ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. പ്രായപരിധി 18നും 45 നും മധ്യേ. അപേക്ഷകർക്ക് 100 രൂപ പിഴ യോടെ മാർച്ച് 30 വരെ www.scolekerala.org എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അ പേക്ഷ സമർപ്പിക്കാം. ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കിയ ശേഷം അപേക്ഷയുടെ പകർപ്പ് സഹിതം എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ കേരള, വിദ്യാഭവൻ, പൂജപ്പുര പി ഓ, തിരുവനന്തപുരം 12 എ ന്ന വിലാസത്തിലോ എറണാകുളം ജില്ലാ ഓഫീസിൽ നേരിട്ടോ ലഭ്യ മാക്കണം. കൂടുതൽ വിവരങ്ങൾക്ക് 04842377537, 8921696013.

## സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡി യുടെ തിരുവനന്തപുരം മുട്ടട റീജിയണൽ സെന്ററിൽ വിവിധ കോഴ്സുകളി ലേക്ക് സ്പോട്ട് അഡ്മിഷന് അപേക്ഷ ക്ഷണിച്ചു.ഫോൺ:9495069307, 8547005087, 9400519491, 0471 2550612.

## സംരംഭകത്വവും നൈപുണ്യ വികസനവും : കുസാറ്റിൽ ത്രിദിന പരിശീലന പരിപാടിക്ക് തുടക്കമായി

**കൊച്ചി:** സംരംഭകത്വവും നൈപുണ്യ വികസനവും എന്ന വിഷയത്തിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാ ശാലയിൽ (കുസാറ്റ്) മൂന്ന് ദിവസത്തെ പരിശീലന പരിപാ ടിക്ക് തുടക്കമായി. സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷ റീസ് ഡയറക്ടർ ഡോ എൻ മിനി ശേഖരൻ പരിപാടി ഉദ് ഘാടനം ചെയ്തു.നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആൻഡ് റൂറൽ ഡെവലപ്മെന്റിന്റെ (നബാർഡ്) സാമ്പ ത്തിക സഹായത്തോടെ പ്രവർത്തിക്കുന്ന 'സെന്റർ ഓഫ് എക്സലൻസ് ഫോർ ഫുഡ് ഇന്നൊവേഷൻസ് ആൻഡ് സ്റ്റാർട്ടപ്പ് ഹബ്സ്' ആണ് പരിശീലന പരിപാടി സംഘടി പ്പിക്കുന്നത്.ഭക്ഷ്യ മേഖലയിലും അനുബന്ധ മേഖലകളി ലും സംരംഭകത്വം മുഖേന തൊഴിൽ സാധ്യതകൾ വിക സിപ്പിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് സിഫിഷ് ഡയ റക്ടർ ഡോ. ജിൻസൺ സംസാരിച്ചു.

ചടങ്ങിൽ നബാർഡ് ജില്ലാ വികസന മാനേജർ അജീഷ് ബാലു, ജന ശിക്ഷൺ സൻസ്ഥാൻ ഡയറക്ടർ ആന്റണി കെ.ഡി., പ്രോഗ്രാം ഓഫീസർ സന്ധ്യ ആർ. പണിക്കർ എന്നിവർ ആശംസകൾ അറിയിച്ചു.

## അക്ഷയ സംരംഭകരാകാൻ അവസരം: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം ജില്ലയിലെ വിവിധ തദ്ദേശ സ്ഥാപനങ്ങളിലാ യി 86 പുതിയ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സംരംഭകരെ തിരഞ്ഞെടുക്കുന്നു. പൊതുവിഭാഗത്തിൽ 79 കേന്ദ്രങ്ങളിലേക്കും പട്ടിക വർഗ്ഗ വിഭാഗത്തിൽ 7 കേന്ദ്രങ്ങളിലേക്കുമാണ് അവസരം. പ്ലസ് ടു വി ദ്യാഭ്യാസ യോഗ്യതയും കമ്പ്യൂട്ടർ പരിജ്ഞാനവുമുള്ള 18നും 50നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. തിരഞ്ഞെടുക്കപ്പെടുന്ന പ്ര ദേശത്ത് കുറഞ്ഞത് 300 ചതുരശ്ര അടി കെട്ടിട സൗകര്യമുള്ളവർക്കും വനിതകൾ, പട്ടികവിഭാഗക്കാർ എന്നിവർക്കും പ്രത്യേക മുൻഗണന ലഭിക്കും. ഓൺലൈൻ അപേക്ഷയുടെ സ്കോറിംഗ്, ഒ.എം.ആർ പരീക്ഷ, അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും തിരഞ്ഞെടുപ്പ്. താല്പര്യമുള്ളവർ 750 രൂപ അപേക്ഷ ഫീസടച്ച് tthps://lbsedp.lbscetnre.in/akshaya26/ എന്ന വെബ്സൈറ്റ് വഴി മാർച്ച് 7ന കം അപേക്ഷ നൽകണം.

# തേങ്ങ മുതൽ കാർഷിക മാലിന്യങ്ങൾ വരെ: കേരളത്തിലെ സുസ്ഥിര ഫാഷനുകൾ

**ഇ.വി ആവണി**

വീട്ടിലെ പഴയ തേങ്ങാ തോൽപ്പുകൾ കൊണ്ട് വസ്ത്രങ്ങൾ നിർമ്മിക്കാൻ കഴിയുമോ? ഒരുകാലത്ത് അസാധ്യമായി തോന്നിയ ഈ ചോദ്യത്തിന് ഇന്ന് ”അതെ” എന്നാണ് സുസ്ഥിര ഫാഷൻ ലോകം നൽകുന്ന മറുപടി. കേരളം ഉൾപ്പെടെ ലോകമെമ്പാടുമുള്ള ചില ഫാഷൻ ബ്രാൻഡുകൾ കാർഷിക മാലിന്യങ്ങളും , തേങ്ങയുടെ തുകൽ, പഴയ വസ്തുക്കൾ എന്നിവയെല്ലാം ഉപയോഗിച്ച് സുസ്ഥിരവും ആകർഷകവുമായ വസ്ത്രങ്ങൾ നിർമ്മിച്ച് ശ്രദ്ധ നേടുകയാണ്.

തേങ്ങയുടെ അവിശിഷ്ടങ്ങൾ അതായത് നാരുകൾ ഉപയോഗിച്ച് തുണികൾ നിർമ്മിക്കുന്നതിൽ നിന്നും തുടങ്ങിയതാണി മാറ്റം എന്നും പറയുന്നു. അതുപ്പോലെ തേങ്ങാ ഷെല്ലുകൾ ബട്ടണുകളായും അല്ലെങ്കിൽ അലങ്കാര ഘടകങ്ങളായും ഇവ ഉപയോഗിക്കുന്നു. ഇതിന് പുറമേ ഇലകളിൽ നിന്നും കക്കകളിനിന്നും വ്യത്യസ്തമായ വസ്ത്രങ്ങളും നിർമ്മിക്കുന്നതായി കാണാറുണ്ട്. കക്കകൾക്കു പലതരം നിറങ്ങളും ആകൃതികളും നൽകി പുതുമയാർന്ന ഡിസൈനുകൾ സൃഷ്ടിക്കുന്നതും ഇപ്പോൾ ട്രെൻഡായി മാറിയിട്ടുണ്ട്.



## സുസ്ഥിര ഫാഷന്റെ ലക്ഷ്യവും പ്രാധാന്യവും

വിലകുറഞ്ഞതോ താൽക്കാലിക അല്ലെങ്കിൽ താൽക്കാലിക ഉപയോഗത്തിനുള്ളതോ ആയ വസ്തുക്കൾക്കുപകരം, ദീർഘകാലം നിലനിൽക്കുന്നതും പരിസ്ഥിതിയെ സംരക്ഷിച്ചും ഗുണമേന്മയുള്ളതുമായ ഉൽപ്പന്നങ്ങളെയാണ് സുസ്ഥിര ഫാഷൻ മുൻനിർത്തുന്നത്. പരിസ്ഥിതിക്ക് ഹാനികരമാകാത്ത രീതിയിൽ നിർമ്മാണം നടത്തുകയും ഉപഭോക്താക്കളെ ഗുണനിലവാരമുള്ള വസ്തുക്കൾ തിരഞ്ഞെടുക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം.



തേങ്ങയുടെ തുകൽ മുതൽ കാർഷിക മാലിന്യങ്ങൾ വരെ ഉപയോഗിച്ച് സുസ്ഥിരവും ഉപയോഗപരവുമായ മെറ്റീരിയലുകളിലേക്കാണ് ബ്രാൻഡുകൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഈ മാറ്റങ്ങൾ ഫാഷൻ ട്രെൻഡുകളെയും സുസ്ഥിര ഫാഷനുകളെയും എങ്ങനെ ഒരുമ്മിച്ച് കൊണ്ടുപോകുന്നു എന്ന് കാണിക്കുന്നു. പരിസ്ഥിതിയെ ബാധിക്കാതെ ഗുണനിലവാരം ഉയർന്നതും പ്രകൃതിദ്രവ്യങ്ങൾ ഉപയോഗിച്ച് നിർമിക്കുന്ന വസ്ത്രങ്ങളെയാണ് സുസ്ഥിര ഫാഷനുകൾ എന്ന് പറയപ്പെടുന്നത്. കേരളത്തിന്റെ പൈതൃക കൈത്തറി വസ്ത്രങ്ങൾ പ്രത്യേകിച്ച് കസവ് സാരീയും മുുകളും ഇതിനൊരു മികച്ച ഉദാഹരണമാണ്. നെയ്യത്തിൽ നിർമ്മിക്കുന്ന വസ്ത്രങ്ങൾക്ക് കുറച്ച് ഊർജം മാത്രമേ ആവശ്യമുള്ളു, കൂടാതെ പ്രകൃതിദത്ത നൂലുകൾ ഉപയോഗിക്കുന്നതിനാൽ ഇവ സുസ്ഥിര ഫാഷൻ മാനദണ്ഡങ്ങളോട് ഏറെ അടുത്തുനിൽക്കുന്നു.

## മലായ് ഇക്കോ: തേങ്ങയുടെ പരിപൂർണ ഉപയോഗം

മലായ് ഇക്കോ ഒരു ഉദാഹരണമാണ് ഇതിനു. തേങ്ങയുടെ എല്ലാ ഭാഗങ്ങളും പ്രയോജനപ്പെടുത്തുന്ന സംരംഭമാണ് മലായ് ഇക്കോ. തേങ്ങയുടെ എല്ലാ ഭാഗവും ഒരുതരത്തിൽ അല്ലെങ്കിൽ റ്റൊരുതരത്തിൽ ഉപയോഗപ്രദമാണ്. മലായ് ഇക്കോ തേങ്ങ വ്യവസായ ഉൽപ്പനങ്ങളിൽ നിന്ന് സുസ്ഥിര വസ്തുക്കൾ വികസിപ്പിക്കുകയും തുകൽ ബദലുകൾ നിർമ്മിക്കുകയും ചെയുന്നു. തേങ്ങ വ്യവസായത്തിലെ അവശിഷ്ടങ്ങളിൽ നിന്നും വെള്ളം ഉപയോഗിച്ചും ബാക്ടീരിയൽ സെല്ലുലോസ് അടിസ്ഥാനമാക്കി പുതിയ മെറ്റീരിയലുകൾ വികസിപ്പിക്കുന്നതിലാണ് ഇവരുടെ പ്രവർത്തനം. പരമ്പരാഗത തുകലിന് പകരമായ പരിസ്ഥിതി സൗഹൃദ ബദലുകൾ നിർമ്മിക്കുകയാണ് ഈ സംരംഭത്തിന്റെ പ്രധാന ലക്ഷ്യം. ബാക്ടീരിയൽ സെല്ലുലോസ് ഉപയോഗിച്ച് നിർമ്മിക്കപ്പെട്ട മെറ്റീരിയലാണ് മലായ്. ഇതോടൊപ്പം ആയുർവസ്ത്ര പരമ്പരയും സുസ്ഥിര ഫാഷനിൽ പ്രത്യേക സ്ഥാനമുണ്ട്. പരമ്പരാകത വസ്ത്ര ടെക്സ്റ്റൈൽസ് ആയ ആയുർവസ്ത്ര ആയുർവേദ തത്വങ്ങളും കൈത്തറി നെയ്ത്തും സംയോജിപ്പിച്ച് പരിസ്ഥിതി സൗഹൃദമായ തുണിത്തരങ്ങൾ ഒരു പരമ്പരാഗത തുണിത്തര രീതിയിൽ സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. ആയുർവസ്ത്രയിൽ വേപ്പ്, മഞ്ഞൾ തുടങ്ങിയ പ്രകൃതിദത്ത ഔഷധസസ്യങ്ങളും ഉപയോഗിച്ചാണ് തുണികൾക്ക് നിറങ്ങൾ നൽകുന്നത്. ഇതിന് പുറമേ പയ്യന്നൂർ ഖാദി കേന്ദ്രങ്ങളും സുസ്ഥിര ഫാഷനുകൾക്ക് പ്രാധാന്യം കൊടുക്കുന്നു. കോട്ടൺ ഉൽപന്നങ്ങളിലാണ് ഇവർ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്, കൂടാതെ കേന്ദ്രം ഖാദി ഉൽപാദനത്തിന്റെ ഒരു പ്രധാന കേന്ദ്രം കൂടിയാണ്. പയ്യന്നൂർ ഖാദി കേന്ദ്രങ്ങളും സുസ്ഥിര ഫാഷനെ മുന്നോട്ടുകൊുപോകുന്ന സ്ഥാപനങ്ങളിലൊന്നാണ്. പ്രധാനമായും കോട്ടൺ ഉൽപ്പന്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഈ കേന്ദ്രം ഖാദി ഉൽപാദനത്തിന്റെ പ്രധാന ഹബ്ബുകളിലൊന്നായി പരിഗണിക്കപ്പെടുന്നു.



## ബി2ബി അവസരങ്ങളും സർട്ടിഫിക്കേഷനുകളും

സുസ്ഥിര ഫാഷൻ മേഖലയിലെ ബ്രാൻഡുകൾക്ക് ബി2ബി രംഗത്ത് വൻ സാധ്യതകളാണ് തുറന്നുകിടക്കുന്നത്. ഗ്ലോബൽ ഓർഗാനിക് ടെക്സ്റ്റൈൽ സ്റ്റാൻഡേർഡ് (ജിഒടിഎസ്),ഗ്ലോബൽ റീസൈക്കിൾഡ് സ്റ്റാൻഡേർഡ് (ജിആർഎസ്) എന്നിവപോലുള്ള അന്താരാഷ്ട്ര സർട്ടിഫിക്കേഷനുകൾ ബ്രാൻഡുകളുടെ വിശ്വാസ്യത വർധിപ്പിക്കുന്നു. ഇതിലൂടെ കേരളത്തിലെ ടെക്സ്റ്റൈൽ ബ്രാൻഡുകൾക്ക് ആഗോള വിപണിയിൽ കൂടുതൽ ശക്തമായി നിലനിൽക്കാൻ സാധിക്കുന്നു. പരിസ്ഥിതി സൗഹൃദമായിട്ടുള്ള കെമിക്കൽ, ഡൈ നിർമ്മാതാക്കളുമായി പ്രവർത്തിക്കുന്നതും വൃത്താകൃതിയിലുള്ള സാമ്പത്തിക മോഡലുകളിലും വിതരണ ശൃംഖല കത്തെലിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന സാങ്കേതിക കമ്പനികളുമായി ഇടപഴകുന്നതും ഈ ബി2ബി അവസരങ്ങളിൽ ഉൾപ്പെടുന്നത്. റീസൈക്കിൾ ചെയ്ത പ്ലാസ്റ്റിക് ബോട്ടിലുകൾ ബാംബൂ ഫൈബറുമായി മിശ്രിതമാക്കി പുതിയ തുണിത്തരങ്ങൾ നിർമ്മിക്കുന്ന പരീക്ഷണങ്ങളും ഇതിനോടകം ആരംഭിച്ചുകഴിഞ്ഞു.പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് ആകർഷകവും ദീർഘകാല ഉപയോഗയോഗ്യവുമായ വസ്ത്രങ്ങൾ നിർമ്മിക്കാനാകുമെന്ന സന്ദേശമാണ് സുസ്ഥിര ഫാഷൻ ലോകം ഇന്ന് നൽകുന്നത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# വ്യക്തിഗത വായ്പകളെക്കുറിച്ചുള്ള ധാരണ മാറുന്നു

**കൊച്ചി:** ഇന്ത്യയിൽ വ്യക്തിഗത വായ്പകളെക്കുറിച്ചുള്ള ധാരണ വേഗത്തിൽ മാറിക്കൊണ്ടിരിക്കുകയാണെന്നും ഒരുകാലത്ത് അടിയന്തര സാഹചര്യങ്ങളിൽ മാത്രം ആശ്രയിച്ചിരുന്ന വ്യക്തിഗത വായ്പകൾ ഇന്ന് സ്വത്ത്, വിദ്യാഭ്യാസം, യാത്ര, ആരോഗ്യം, ജീവിതശൈലി ആവശ്യങ്ങൾക്കു പോലും ഉപയോഗിക്കപ്പെടുന്ന ഒരു ആസൂത്രിത ധനകാര്യ ഉപകരണമായി മാറിയിരിക്കുകയാണെന്നും കൊട്ടക് മഹീന്ദ്ര ബാങ്ക് പേഴ്സണൽ ലോൺസ് ബിസിനസ് ഹെഡ് അമിത് പഥക് പറഞ്ഞു.

ഈ മാറ്റം ഏറ്റവും വ്യക്തമായി കാണപ്പെടുന്നത് സ്ഥിര വരുമാനവും സ്ഥിര ജോലിയുമുള്ള ഉപഭോക്താക്കളിലാണ്. വർഷങ്ങളായി സാമ്പത്തിക അച്ചടക്കത്തോടെ ദീർഘകാല സേവിങ്സും നിക്ഷേപങ്ങളും നിർമ്മിച്ച ആളുകൾ. കോവിഡ് കാലത്തിനു ശേഷം മാറിയത് അവരുടെ നിക്ഷേപ ശേഷിയല്ല, മറിച്ച് 'നിക്ഷേപം' എന്നതിന്റെ അർത്ഥബോധം തന്നെയായിരുന്നു. ഭാവിയിലെ സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിനായി ശരിയായ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുമ്പോൾ തന്നെ, ആരോഗ്യം, മനസ്, ശരീരം എന്നിവയിലേക്കുള്ള നിക്ഷേപം അവർ അവഗണിച്ചുവെന്ന തിരിച്ചറിവ് പലർക്കും ഉണ്ടായി. കടുത്ത ജോലി സമ്മർദ്ദവും വേഗമേറിയ ജീവിതരീതിയും കാരണം, വെൽനെസും സ്വയം പരിചരണവും ജീവിത നിലവാര മെച്ചപ്പെടുത്തലുകളും ഇനി ആഡംബരങ്ങൾ അല്ല, അത്യാവശ്യങ്ങളായി കാണപ്പെടാൻ തുടങ്ങി. ഇന്നത്തെ വായ്പയെടുക്കുന്നവർ കൂടുതൽ വ്യക്തതയോടും ഉദ്ദേശ്യത്തോടും കൂടിയാണ് ചെലവഴിക്കുന്നത്. വെൽനെസ്, വിദ്യാഭ്യാസം, അർത്ഥവത്തായ അനുഭവങ്ങൾ, വീടിന്റെ സൗകര്യങ്ങൾ, വ്യക്തിപരമായ ആഗ്രഹങ്ങൾ തുടങ്ങിയ ദീർഘകാലമായി മാറ്റിവച്ച ലക്ഷ്യങ്ങൾക്ക് ഇപ്പോൾ അവർ മുൻഗണന നൽകുന്നു.

ഒരു കാലത്ത് 'സ്വപ്നങ്ങൾ സഫലമാക്കാൻ വായ്പ' എന്ന ആശയം നിലനിന്നിരുന്നുവെങ്കിൽ, ഇന്ന് ആ സ്വപ്നങ്ങൾ പിന്തുടരുന്നവരിൽ പലരും ഇതിനകം തന്നെ നിക്ഷേപകരാണ്. സമ്പത്ത് നിർമ്മാണ യാത്ര തടസപ്പെടുത്താതെ ലക്ഷ്യങ്ങൾ കൈവരിക്കാൻ അവർ ക്രെഡിറ്റിനെ ഒരു ബുദ്ധിമാനായ ഉപകരണമായി ഉപയോഗിക്കുന്നു. ഇന്ന് പലരും വ്യക്തിഗത വായ്പകളെ 'ലൈഫ് ഇൻവെസ്റ്റ്മെന്റുകൾ' എന്ന നിലയിലാണ് കാണുന്നത് ആഗ്രഹങ്ങളും ക്ഷേമവും ഒന്നിക്കുന്ന ചെലവുകൾ. സാധാരണ സന്ദർശന യാത്രകൾക്കപ്പുറം, പ്രവർത്തനാധിഷ്ഠിതവും അനുഭവകേന്ദ്രിതവുമായ യാത്രകൾ; പ്രകൃതി, നിശ്ശബ്ദത, ധ്യാനം, ഡിജിറ്റൽ ഡീറ്റോക്സ് എന്നിവയെ ആസ്പദമാക്കിയ വെൽനെസ് റിട്രീറ്റുകൾ; വർഷങ്ങളായി മാറ്റിവച്ചിരുന്ന ഡെർമറ്റോളജി, ഹെയർ റസ്റ്റോറേഷൻ പോലുള്ള ആത്മവിശ്വാസം വർധിപ്പിക്കുന്ന സ്വയം പരിചരണ നടപടികൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഇതിനൊപ്പം വിദ്യാഭ്യാസവും സ്കിൽ അപ്ഗ്രേഡേഷനും, വീടിന്റെ സൗകര്യ വർധനയും നവീകരണങ്ങളും, വിവാഹങ്ങൾ, കുടുംബ ബാധ്യതകൾ, പ്രധാന ആഘോഷങ്ങൾ പോലുള്ള സമയബന്ധിതമായ ജീവിതഘട്ടങ്ങളും വ്യക്തിഗത വായ്പകളിലൂടെ ഫണ്ട് ചെയ്യപ്പെടുന്നു.

കോവിഡ് കഴിഞ്ഞ് സ്വയം പരിചരണവും ദീർഘകാല സ്വപ്നങ്ങളും ആഡംബരങ്ങളല്ല, മുൻഗണനകളാണെന്ന് പലരും തിരിച്ചറിഞ്ഞുവെന്നും കൊടക് പേഴ്സണൽ ലോൺസ് അവർക്കൊരു സ്വാഭാവിക തിരഞ്ഞെടുപ്പായി മാറുകയാണെന്നും ഭാവിയിലേക്കുള്ള പദ്ധതികൾ സംരക്ഷിച്ചുകൊണ്ട് ഇന്ന് ജീവിതം കൂടുതൽ പൂർണ്ണമായി ആസ്വദിക്കാൻ വ്യക്തിഗത വായ്പകൾ സഹായിക്കുന്നുവെന്നും അമിത് പഥക് പറഞ്ഞു.

# മൂന്നു മലയാള നാടകങ്ങൾ മെറ്റ ചുരുക്കപ്പട്ടികയിൽ

**തിരുവനന്തപുരം :** മഹീന്ദ്ര ഗ്രൂപ്പ് സംഘടിപ്പിക്കുന്ന മഹീന്ദ്ര എക്സലൻസ് ഇൻ തിയേറ്റർ അവാർഡ്സ് (മെറ്റ) ചുരുക്കപ്പട്ടികയിൽ കേരളത്തിൽ നിന്നുള്ള മൂന്നു നാടകങ്ങൾ സ്ഥാനം നേടി. പാലക്കാട് അത്‌ലറ്റ് കായിക നാടകവേദി നിർമ്മിച്ച 'ധോമി കിത കിത ധോമി ', തൃശൂർ കേരള കലാമണ്ഡലം അവതരിപ്പിക്കുന്ന 'ദി ഓൾഡ് മാൻ ആൻഡ് ദി സീ കഥകളി ഓഫ് മോറോ ', കൊല്ലം ദി ഇന്റർലിങ്ക് തിയേറ്റർ അവതരിപ്പിക്കുന്ന 'വൈ' എന്നീ നാടകങ്ങളാണ് 13 വിഭാഗങ്ങളിലായി മെറ്റ 2026ൽ നാമനിർദ്ദേശം ലഭിച്ച 10 നാടകങ്ങളിൽ കേരളത്തിൽ നിന്നും സ്ഥാനം പിടിച്ചത്.

ഈ നാടകങ്ങൾ മാർച്ച് 19 മുതൽ 25 വരെ ദേശീയ ഡൽഹിയിലെ ശ്രീറാം സെന്ററിലും കമാനി ഓഡിറ്റോറിയത്തിലുമായി പ്രമുഖ ജൂറിയുടെ മുന്നിൽ അരങ്ങേറും. 2026 സീസണിൽ ലഭിച്ച 422 അപേക്ഷകളിൽ നിന്നുമാണ് വിദഗ്ദ ജൂറി അവസാനത്തെ പത്ത് നാടകങ്ങൾ തെരഞ്ഞെടുത്തത്. മാർച്ച് 25 ന് കമാനി ഓഡിറ്റോറിയത്തിൽ നടക്കുന്ന റെഡ് കാർപെറ്റ് അവാർഡ് നൈറ്റ് ഗ്രാൻഡ് ഫിനാലെയിൽ വെച്ച് മികച്ച നാടകം പ്രഖ്യാപിക്കുമെന്ന് മഹീന്ദ്ര ഗ്രൂപ്പിന്റെ കൾച്ചറൽ ഔട്ട്റീച്ച് മേധാവി വൈസ് പ്രസിഡന്റ് ജയ് ഷാ പറഞ്ഞു. അന്തിമ പട്ടികയിൽ മലയാളത്തിന് പുറമെ, ഹിന്ദി, ബംഗാളി, മറാത്തി, ഹിന്ദുസ്ഥാനി, സംസ്കൃതം, ബുന്ദേൽഖണ്ഡി, ഇംഗ്ലീഷ്, ജിബ്രിഷ് എന്നീ ഭാഷകളിൽ അവതരിപ്പിച്ച നാടകങ്ങളും ഉൾപ്പെടുന്നു. ടീം വർക്ക് ആർട്ട്സാണ് പരിപാടി സംഘടിപ്പിക്കുന്നത്.

# ഗൗഡിയം ഐവിഎഫ് ആൻഡ് വിമൻ ഹെൽത്ത് ഐപിഒ ആരംഭിച്ചു

**കൊച്ചി:** ഗൗഡിയം ഐവിഎഫ് ആൻഡ് വിമൻ ഹെൽത്ത് ലിമിറ്റഡിന്റെ പ്രാഥമിക പൊതു ഓഹരി വിൽപ്പന (ഐപിഒ) ഫെബ്രുവരി 24 വരെ നടക്കും. 1,13,92,500 പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള ഓഹരി ഉടമകളുടെ 94,93,700 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അഞ്ച് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 75 മുതൽ 79 രൂപവരെയാണ് വില നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 189 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 189 ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. സാർത്തി ക്യാപിറ്റൽ അഡ്വൈസേഴ്സ് പ്രൈവറ്റ് ലിമിറ്റഡാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ.

# വോൾക്സ്വാഗൺ ടൈറൺ ആർലൈൻ പുറത്തിറക്കി



**കൊച്ചി :** വോൾക്സ്‌വാഗൺ ഇന്ത്യയിൽ പുതിയ ആഡംബര എസ്‌യുവിയായ ടൈറൺ ആർലൈൻ 46.99 ലക്ഷം രൂപയുടെ ആരംഭ വിലയിൽ അവതരിപ്പിച്ചു. പ്രകടനം, സൗകര്യം, പ്രീമിയം സ്റ്റൈലിംഗ് എന്നിവ തേടുന്ന ഉപഭോക്താക്കളെ ലക്ഷ്യമിട്ടുള്ള ഈ മോഡൽ ആർലൈൻ ഡിസൈൻ ഘടകങ്ങളും ആകർഷകമായ ഇന്റീരിയറുകളും ഉൾക്കൊള്ളുന്നു. 204 പിഎസ് പവർയും 320 എൻഎം ടോർക്കും നൽകുന്ന 2.0എൽ ടിഎസ്ഐ ഇവോ4 പെട്രോൾ എഞ്ചിനാണ് ഇതിന് ശക്തി നൽകുന്നത്. 14 ലെവൽ2 ആദാസ് ഫംങ്ഷനുകളും 23 ആധുനിക സാങ്കേതിക സവിശേഷതകളും ഉൾപ്പെടുത്തിയിരിക്കുന്നത് സുരക്ഷയും നവോത്ഥാനവും പ്രാധാന്യമാക്കുന്ന ബ്രാൻഡിന്റെ നിലപാട് വ്യക്തമാക്കുന്നു.

# കോട്ടയം ജില്ലയിൽ ആദ്യ സപ്ലൈകോ സിഗ്നേച്ചർ മാർട്ട് തുറന്നു

**കോട്ടയം:** സംസ്ഥാന സർക്കാരിന്റെ പൊതുവിപണന ശൃംഖലയായ സപ്ലൈകോയുടെ ജില്ലയിലെ ആദ്യ സിഗ്നേച്ചർ മാർട്ട് ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ ലീഗൽ മെട്രോളജി വകുപ്പ് മന്ത്രി ജി.ആർ. അനിൽ ഓൺലൈനിൽ ഉദ്ഘാടനം ചെയ്തു. സപ്ലൈകോയുടെ വിപണിയിലെ ഇടപെടൽ വിലക്കയറ്റം പിടിച്ചുനിർത്താൻ വലിയ രീതിയിൽ സഹായിക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. കോട്ടയം നഗരത്തിൽ തിരുനക്കര മൈതാനത്തിന് എതിർവശത്തുള്ള ഹൈപ്പർമാർക്കറ്റാണ് സിഗ്നേച്ചർ മാർട്ടായി ഉയർത്തിയത്. സംസ്ഥാനത്തെ സപ്ലൈകോയുടെ രാമത്തെ സിഗ്നേച്ചർ മാർട്ടാണിത്. പ്രമുഖ കോർപ്പറേറ്റ് റീട്ടെയിൽ ശൃംഖലകളുടേതിനു സമാനമായ സൗകര്യങ്ങളുള്ള സിഗ്നേച്ചർ മാർട്ടിൽ സബ്സിഡി സാധനങ്ങൾക്കും നിത്യോപയോഗ സാധനങ്ങൾക്കും വിലക്കുറവുമു്. ഡെവൺ, കിച്ചൻ ട്രഷേഴ്സ്, വിപ്രോ എന്നിവയുടെ സഹകരണത്തോടെയാണ് സിഗ്നേച്ചർ മാർട്ട് സജ്ജീകരിച്ചത്.

വിവിധ ബ്രാൻഡുകളുടെ ഉത്പന്നങ്ങൾ വിലക്കിഴിവിൽ വാങ്ങാം. റേഷൻകാർഡുമായി എത്തുന്നവർക്ക് സബ്സിഡി സാധനങ്ങളും ലഭിക്കും. തിരുനക്കരയിൽ നടന്ന ചടങ്ങിൽ തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ അധ്യക്ഷത വഹിച്ചു. നഗരസഭാ അധ്യക്ഷൻ എം.പി. സന്തോഷ് കുമാർ ആദ്യവിൽപന നിർവഹിച്ചു. നടൻ ഇർഷാദ് അലി മുഖ്യാതിഥി ആയിരുന്നു. നവീകരിച്ച സപ്ലൈകോ വെബ്സൈറ്റിന്റെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു.

# ഇന്ത്യയിലേത് ഉയർന്ന നിലവാരമുള്ള ബാങ്കിംഗ് സംവിധാനം

**കൊച്ചി:** ബാങ്കിംഗ് ബിസിനസ് അതിവേഗം മാറിക്കൊണ്ടിരിക്കുകയാണെന്നും കഴിഞ്ഞ അഞ്ചു വർഷത്തിനിടെ വൻ മാറ്റങ്ങളാണ് ഈ മേഖലയിൽ സംഭവിച്ചിട്ടുള്ളതെന്നും സൗത്ത് ഇന്ത്യൻ ബാങ്ക് മാനേജിംഗ് ഡയറക്ടറും സി ഇ ഒയുമായ പി ആർ ശേഷാദ്രി പറഞ്ഞു. കേരള മാനേജ്മെന്റ് അസോസിയേഷന്റെ കെ എം എ ഇൻസൈറ്റ് എക്സ് സീരിസ് പതിനാറാം എഡിഷനിൽ 'അതിരുകൾക്കപ്പുറം: പുതിയ വ്യാപാര സഖ്യങ്ങളുടെ കാലഘട്ടത്തിലെ ബാങ്കിംഗ്' എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.




വേഗത്തിൽ വളരുന്ന സമ്പദ്‌വ്യവസ്ഥയിൽ ബാങ്കുകളും വേഗത്തിൽ വളരും. 'ഈ മേഖലയിലെ നിയമങ്ങൾ നാം തന്നെ നിർണ്ണയിക്കുന്നു' എന്ന് ലോകത്തിൽ ഇന്ത്യയ്ക്ക് അഭിമാനത്തോടെ നിന്ന് പറയാൻ കഴിയുന്ന ഒരു മേഖലയുണ്ടെങ്കിൽ, അത് ബാങ്കിംഗാണ്. ലോകത്തിലെ ഏറ്റവും മികച്ച പേയ്മെന്റ് സംവിധാനമാണ് നമ്മുടെത്. വളരെ ഉയർന്ന നിലവാരമുള്ള ബാങ്കിംഗ് സംവിധാനമാണ് ഇന്ത്യയിലുള്ളതെന്നും അദ്ദേഹം വിശദമാക്കി. ഇന്ത്യൻ ബാങ്കിംഗ് സംവിധാനം വളരെ ശക്തവും ഉറച്ചതുമാണ്. അടുത്ത കുറച്ച് വർഷങ്ങളിൽ നമ്മുടെ വ്യാപാരം ഏകദേശം ഒരു ട്രില്യൺ ഡോളർ നിലവാരത്തിലെത്തുമെന്ന് പ്രതീക്ഷിക്കുമ്പോൾ അത് കൈവരിക്കാൻ ബാങ്കുകൾക്ക് രാജ്യത്തെ സഹായിക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു.

പ്രാദേശിക തലത്തിലാണ് ബാങ്കുകൾ കൂടുതൽ സഹായകരമാകുന്നത്. നമ്മുടെ രാജ്യത്ത് മൂലധനം ആവശ്യമായ നിരവധി കാര്യങ്ങൾ ചെയ്യാനുണ്ടെന്നും നിലവിലുള്ളതിലുപരി കൂടുതൽ ബിസിനസുകൾ ആവശ്യമുണ്ടെന്നും അവ വളരുമ്പോൾ തൊഴിലവസരങ്ങളും മറ്റു അവസരങ്ങളും സൃഷ്ടിക്കുമെന്നും പറഞ്ഞ പി ആർ ശേഷാദ്രി പ്രാദേശിക തലത്തിൽ ബിസിനസുകൾക്ക് ധനസഹായം നൽകാനുള്ള കഴിവ് ഇതുവരെ കാണാത്തതിനേക്കാൾ ശക്തമാണെന്നും അഭിപ്രായപ്പെട്ടു.

കേരള മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് ഹരികുമാർ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റും പ്രോഗ്രാം ചെയർമാനുമായ ദിലീപ് നാരായണൻ ജോയിന്റ് സെക്രട്ടറി ലേഖ ബാലചന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു.

# 'ഒരായിരം കടൽ'; പോളച്ചെടികളുടെ ആത്മീയബന്ധം അവതരിപ്പിച്ച് ശിവായ് ലാ



**കൊച്ചി:** ജലാശയങ്ങളിലെ അധിനിവേശ സസ്യമായ പോളച്ചെടികളുടെ (വാട്ടർ ഹൈസിന്ത്) സംരക്ഷണാത്മക സ്വഭാവത്തെ പുതിയൊരു കാഴ്ചപ്പാടിൽ അവതരിപ്പിക്കുകയാണ് ഫ്രഞ്ച് കലാകാരി ശിവായ് ലാ മൾട്ടിപ്പിൾ. കൊച്ചി ബിനാലെ ഫൗണ്ടേഷന്റെ 'ഒരായിരം കടൽ' (എ തൗസന്റ് സീസ്) എന്ന റെസിഡൻസി പ്രോഗ്രാമിന്റെ ഭാഗമായി മട്ടാഞ്ചേരി ബസാർ റോഡിലെ ദേവസ്സി ജോസ് ആൻഡ് സൺസ് കെട്ടിടത്തിൽ ഒരുക്കിയിരിക്കുന്ന പ്രദർശനം പോളച്ചെടികളെ പുണ്യസസ്യമായിട്ടാണ് അടയാളപ്പെടുത്തുന്നത്. അതിവേഗം പടർന്നുപിടിക്കുന്നതിനാൽ മത്സ്യത്തൊഴിലാളികൾക്കും ബോട്ടുകൾക്കും തടസ്സമാകുന്ന ചെടിയായിട്ടാണ് സാധാരണയായി തിനെ കാണാറുള്ളതെങ്കിലും, സൂര്യപ്രകാശം നേരിട്ട് പതിക്കുന്നത് തടഞ്ഞ് ജലത്തെ തണുപ്പിക്കാനും പ്ലാസ്റ്റിക് മാലിന്യങ്ങളും മറ്റ് മലിനീകരണ വസ്തുക്കളും വലയിലാക്കി ജലത്തെ ശുദ്ധീകരിക്കാനും ഈ ചെടികൾ സഹായിക്കുന്നുവെന്ന് കലാകാരി വിശ്വസിക്കുന്നു. ലോകം എല്ലാവർക്കും ഐക്യത്തോടെ ജീവിക്കാനുള്ളതാണെന്ന സന്ദേശമാണ് തന്റെ സൃഷ്ടികളിലൂടെ ശിവായ് പങ്കുവെക്കുന്നത്.

തന്റെ വേരുകൾ കിടക്കുന്ന കാമറൂണിലെ നാടോടിക്കഥകളെ കൊച്ചിയുമായി ബന്ധിപ്പിച്ചാണ് ശിവായ് കലാസൃഷ്ടികൾക്ക് രൂപം നൽകിയിരിക്കുന്നത്. ജലാശയങ്ങളെ സംരക്ഷിക്കാനായി കടൽക്കന്യകകൾ സ്ഥാപിച്ചതാണ് പോളച്ചെടികളെന്ന വിശ്വാസം കാമറൂണിലെ മത്സ്യത്തൊഴിലാളികൾക്കിടയിലുണ്ട്. കൊച്ചിയിലെ കായലുകളിലും ഈ സസ്യങ്ങളെകണ്ടപ്പോൾ മിത്തുകൾക്കും സസ്യങ്ങൾക്കും ഇടയിലുള്ള ആത്മീയ ബന്ധമാണ് ആകർഷിച്ചതെന്ന് ശിവായ് പറയുന്നു.

കൊളോണിയൽ അധിനിവേശ ചരിത്രത്തിന് അപ്പുറമുള്ള സമുദ്ര ചരിത്രങ്ങളെയും സാംസ്കാരിക വിനിമയങ്ങളെയും കുറിച്ചുള്ള അന്വേഷണങ്ങൾ കൂടിയാണ് ഈ പ്രദർശനം. ഫ്ളെക്സിബിൾ മെറ്റൽ സ്ട്രിംഗുകളിൽ ചെറിയ ഗ്ലാസ് മുത്തുകൾ കോർത്ത് മോബിയസ് സ്ട്രിപ്പ ന്നെ ജാമ്യതീയ രൂപത്തിന്റെ ആകൃതിയിൽ പോളച്ചെടികളെ അവർ ശിൽപ്പമാക്കി മാറ്റിയിട്ടുണ്ട്. ഇവയുടെ വേരുകൾ പോലും വളരെ സൂക്ഷ്മമായിട്ടാണ് ആവിഷ്കരിച്ചിരിക്കുന്നത്. പ്രദർശനത്തിന്റെ ഭാഗമായി തറയിൽ ഒരുക്കിയിട്ടുള്ള ചിത്രത്തിന് ചുറ്റും 'തന്റെ പവിത്ര ജലത്തെ സംരക്ഷിക്കാനായി മത്സ്യകന്യക അവളെ അവിടെ സ്ഥാപിച്ചു' എന്ന് മലയാളത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ജലാശയങ്ങൾ സംരക്ഷിക്കേണ്ടതിന്റെ അനിവാര്യതയെ എടുത്തു കാണിക്കുന്നു.

ഇതിന് പുറമെ മേൽക്കൂരയിൽ നിന്ന് താഴേക്ക് തൂങ്ങിക്കിടക്കുന്ന അഞ്ച് വലിയ ടെക്സ്റ്റൈൽ പ്രിന്റുകളും പ്രദർശനത്തിന്റെ ഭാഗമാണ്. കാമറൂണിലെ പോളച്ചെടികളുടെ ചിത്രങ്ങളും മിത്തുകളും ജലത്തിനടിയിലെ ജീവിതവുമെല്ലാം ഈ ചിത്രങ്ങളിൽ പ്രതിഫലിക്കുന്നു. പാരിസിനും ന്യൂ കാലിഡോണിയയ്ക്കും ഇടയിൽ കലാപ്രവർത്തനം നടത്തുന്ന ശിവായ്, ഡിജിറ്റൽ ഇടങ്ങളും ഭാവനയും യാഥാർത്ഥ്യവും കോർത്തിണക്കി നദികളുടെയും സമുദ്രങ്ങളുടെയും ആത്മീയവും രാഷ്ട്രീയവുമായ വശങ്ങളെ കലാസൃഷ്ടികളിലൂടെ ചർച്ച ചെയ്യുന്നു.

# ലുലു ഫൺട്യൂറ ലിറ്റിൽ ഷെഫ് മൽസരം: നെദിയ അബ്ദുൾ റിയാസ് ജേതാവ്




**കൊച്ചി:** ലുലു ഫൺട്യൂറ ലിറ്റിൽ ഷെഫ് മത്സരത്തിൽ വിജയിയായി എറണാകുളം പടമുകൾ സ്വദേശിനി നെദിയ അബ്ദുൾ റിയാസ്. രണ്ടാം സ്ഥാനം തോപ്പുംപടി സ്വദേശി മുഹമ്മദ് അദിനാൻ സ്വന്തമാക്കി. മൂന്നാം സ്ഥാനത്തേക്ക് തൃക്കാക്കര സ്വദേശിനി നെഷ്വ മറിയം ഷാഹിർ തിരഞ്ഞെടുക്കപ്പെട്ടു. ഒന്നാം സ്ഥാനം കരസ്ഥമാക്കിയ നെദിയ അബ്ദുൾ റിയാസിന് 50,000 രൂപയുടെ ക്യാഷ് അവാർഡും ലുലു ഫൺട്യൂറ നൽകുന്ന ഫലകവും നടൻ ഇർഷാദ് അലി കൈമാറി. രും മൂന്നും സ്ഥാനം നേടിയ വിജയികൾക്ക് 25,000 , 10,000 എന്നിങ്ങനെ ക്യാഷ് അവാർഡും ഫലകവും സമ്മാനിച്ചു.

ഇതോടൊപ്പം മത്സരത്തിൽ പങ്കെടുത്ത എല്ലാ മത്സരാർത്ഥികൾക്കും പ്രോത്സാഹന സമ്മാനവും നൽകി. ലുലു ഫൺട്യൂറ ജനറൽ മാനേജർ എം. അംബികാപതി, മിൽക്കി മിസ്റ്റ് മാർക്കറ്റിങ്ങ് ആൻഡ് സെയിൽസ് ജനറൽ മാനേജർ ആർ. ജഗദീശൻ, യുണിബിക്ക് എറണാകുളം റീജിയൻ ഡിസ്ട്രിബ്യൂട്ടറുമാരായ പി.എ മനാഫ്, സി.എ ബിബിൻ എന്നിവർ പങ്കെടുത്തു.

350 മത്സരാർത്ഥികളിൽ നിന്ന് വിവിധ ഘട്ടങ്ങളിലൂടെ തിരഞ്ഞെടുത്ത അഞ്ച് പേരാണ് ഫൈനൽ മാറ്റുരച്ചത്. അവസാന റൗണ്ടിൽ നെദിയയുടെ വിഭവങ്ങൾ ഷെഫുമാരുടെ മനം കവർന്നു. ലുലു മാരിറ്റ് ഹോട്ടലിലെ എക്സിക്യൂട്ടീവ് ഷ്യൂ ഷെഫ് ആഷിശ് കുമാർ, ഗ്രാൻഡ് ഹയാത്ത് ഹോട്ടലിലെ എക്സിക്യൂട്ടീവ് ഷെഫായ ഖാലിഷ് എന്നിവരായിരുന്നു മത്സരത്തിന്റെ മറ്റ് വിധികർത്താക്കൾ.

# പാർലെ അഗ്രോ സ്മൂദ് കേസർ ബദാം പുറത്തിറക്കി

**കൊച്ചി:** പാർലെ അഗ്രോ തങ്ങളുടെ ഏറ്റവും പുതിയ ഉൽപ്പന്നമായ അഗ്രോ സ്മൂദ് കേസർ ബദാം പുറത്തിറക്കി. ബദാമും കുങ്കുമപ്പൂവും ചേരുന്ന പുതിയ ഉൽപ്പന്നത്തിൽ സ്മൂദിന്റെ തനത് ശൈലിയിൽ ക്രീമും ചേർത്തിട്ടുണ്ട്. 80 മില്ലി ലിറ്ററിന് 10 രൂപയും 150 മില്ലി ലിറ്ററിന് 20 രൂപയും വിലയുള്ള സ്മൂദ് കേസർ ബദാം രാജ്യത്താകെ ലഭിക്കുമെന്ന് പാർലെ അഗ്രോ ജോയിന്റ് മാനേജിംഗ് ഡയറക്ടറും സിഎംഒയുമായ നാദിയ ചൗഹാൻ പറഞ്ഞു. ചോക്ലേറ്റ്, ചോക്ലേറ്റ് ഹാസൽനട്ട്, ടോഫി കാരമൽ, കേസർ ബദാം തുടങ്ങിയ ഉൽപ്പന്നങ്ങളിലൂടെ, ഫ്ളേവർഡ് മിൽക്ക് വേരിയന്റുകളോടെ, പാർലെ അഗ്രോ ക്ഷീരോൽപ്പന്ന വിപണിയിൽ സാന്നിധ്യം ശക്തമാക്കുകയാണെന്ന് നാദിയ ചൗഹാൻ പറഞ്ഞു.

